## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3569 — 19.02.2013-ൽ മറുപടിയ്ക്ക്

### ജീവനക്കാർ നടത്തിയ പണിമുടക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ എം.എൽ.എ<br>ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ജനുവരി 8 മുതൽ സംസ്ഥാനത്തെ ഒരു വിഭാഗം ജീവനക്കാർ നടത്തിയ പണിമുടക്ക് സമരത്തിൽ പങ്കെടുത്ത ജീവനക്കാരുടെ ഓരോ ദിവസത്തെയും കണക്കുകൾ ലഭ്യമാക്കാമോ; | (എ) 8.1.2013-ന് 1600 പേരും<br>9.1.2013-ന് 1368 പേരും<br>10.1.2013-ന് 1210 പേരും<br>11.1.2013-ന് 997 പേരും<br>ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പണിമുടക്കിൽ പങ്കെടുത്തു. സംസ്ഥാനത്തെ ഇതര വകുപ്പുകളിലെ വിവരം ശേഖരിച്ചു വരുന്നു. |
| (ബി) പ്രൊബേഷൻ കാലാവധിയുള്ള എത്ര ജീവനക്കാർ സമരത്തിൽ പങ്കെടുത്തിട്ടുണ്ടെന്നും, സർക്കാർ അവരോട് എന്ത് നയമാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്ത മാക്കാമോ? | (ബി) സമരത്തിൽ പങ്കെടുത്ത പ്രൊബേഷണർമാരുടേതുമാത്രമായ കണക്കുകൾ ശേഖരിച്ചിട്ടില്ല. 26.12.2012 തീയതിയിലെ ജി. ഒ. (പി) 385/12/പൊഭവ ഉത്തരവിലേയും, 19.01.2013 തീയതിയിലെ ജി.ഒ. (പി) 17/13/പൊഭവ ഉത്തരവിലേയും വ്യവസ്ഥകൾക്കനുസരിച്ചായിരിക്കും സമരത്തിൽ പങ്കെടുത്ത പ്രൊബേഷണർമാർക്കെതിരെ നടപടികൾ സ്വീകരിക്കുക. |

സെക്ഷൻ ഓഫീസർ